# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3558 | 17.12.2015 -ൽ മറുപടിക്ക്

### കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് 4% ആയി സംവരണം ഉയർത്തിയപ്പോൾ, നിലവിൽ സർക്കാർ ഉത്തരവിൽ പറയുംപ്രകാരം 4% ടേൺ നിശ്ചയിച്ച് നൽകിവന്നിരുന്നത് അട്ടിമറിച്ച്, സർക്കാർ ഉത്തരവിലോ ഇതു സംബന്ധിച്ച സ്പെഷ്യൽ റൂളിലോ പറയാത്ത കേഡർ സ്ട്രേങ്ത് അനുസരിച്ച് ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിന് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) & (ബി) | നിലവിലുള്ള സർക്കാർ ഉത്തരവ് G.O(Ms)No. 196/2010/GAD dated 17/10/2010 പ്രകാരം താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് സ്ട്രെങ്തിന്റെ 4% quota യാണ് അനുവദിച്ചിട്ടുള്ളത്. അതു പ്രകാരം അസിസ്റ്റന്റ് സ്ട്രെങ്തിന്റെ 4%മാണ് തസ്തികമാറ്റം വഴി താഴ്ന്ന ശമ്പള വിഭാഗക്കാർക്ക് നൽകുന്നത്. പി.എസ്.സി-യിലെ അസിസ്റ്റന്റ് സ്ട്രെങ്ത് ആയ 227 ന്റെ 4% ആയ 9 പേർക്ക് നിയമനം നൽകി വരുന്നു. ഇതിൽ ഉദ്യോഗസ്ഥക്കയറ്റം, വിട്ടുതൽ, വിരമിക്കൽ എന്നിവമൂലം എണ്ണത്തിൽ കുറവ് വരുമ്പോൾ തസ്തികമാറ്റം നൽകി അനുവദനീയമായ എണ്ണം നിലനിർത്തുന്നുണ്ട്. |
| (ബി) | 2012-ൽ ഒരു ലാസ്റ്റ് ഗ്രേഡുകാരനെ അസിസ്റ്റന്റായി പ്രൊമോട്ട് ചെയ്തതി-നുശേഷം കഴിഞ്ഞ മൂന്ന് വർഷമായി ഒരു ലോ പെയ്ഡ് സ്റ്റാഫിനെയും പ്രൊമോട്ട് ചെയ്യാതിരുന്നത് എന്തു-കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | 2006 മുതൽ 2011 ജനുവരി വരെ പി.എസ്.സി.യിൽ നിയമാനുസൃതം നടത്തിവന്നിരുന്ന ഈ പ്രൊമോഷൻ ടേൺ നിശ്ചയിച്ച് ശതമാനക്കണക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അസിസ്റ്റന്റ് കേഡർ സ്ട്രെങ്തിന്റെ 4% തസ്തികമാറ്റം വഴി നിയമനം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ